# പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8100.      24.07.2012 ന് മറുപടിയ്ക്ക്.

## നാദാപുരം മണ്ഡലത്തിൽ ഫോറസ്റ്റ് ഓഫീസിനുവേണ്ടി കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ)നാദാപുരം മണ്ഡലത്തിൽ എവിടെയെങ്കിലും വനം വകുപ്പ് ഫോറസ്റ്റ് ഓഫീസിനുവേണ്ടി സ്ഥലംവാങ്ങി കെട്ടിടം നിർമ്മിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)ഉണ്ടെങ്കിൽ എവിടെയാണെന്നും സ്ഥലം നൽകിയ വ്യക്തി ആരെന്നും എത്ര രൂപ സ്ഥലം വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) വിലങ്ങാടും പശുക്കടവിലും 10 സെന്റ് വീതം സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്ന് വാങ്ങുകയും അതിൽ വിലങ്ങാടിൽ വാങ്ങിയ സ്ഥലത്ത് വനം വകുപ്പ് കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.<br>വടകര താലൂക്കിൽ തിനൂർ വില്ലേജിൽ പാലോൽ താമസിക്കും കിഴക്കേടത്ത് കഞ്ഞാലിഹാജി മകൾ സാജിതയിൽ നിന്നും 10 സെന്റ് ഭൂമി സെന്റ് ഒന്നിന് 13,000/- രൂപ നിരക്കിൽ വിലങ്ങാടും വടകര താലൂക്കിൽ കാവിലുംപാറ വില്ലേജിൽ മുടവുങ്കൽ സുനിൽകുമാറിൽനിന്നും 10 സെന്റ് ഭൂമി സെന്റ് ഒന്നിന് 12,250/- രൂപ നിരക്കിൽ പശുക്കടവിലും വാങ്ങിയിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥലങ്ങളിൽ ഭൂമി വാങ്ങുന്നതിന് സർവ്വേ ചാർജ്ജ്, പരസ്യക്കൂലി തുടങ്ങിയവ ഉൾപ്പെടെ ആകെ 3,92,312/- (മൂന്നു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി മുന്നൂറ്റി പന്ത്രണ്ട് )രൂപ ചെലവഴിച്ചിട്ടുണ്ട്. |

(സി)പ്രസ്തുത കെട്ടിടം വനം വകുപ്പിന്റെ പ്രവർത്തനത്തിനുവേണ്ടി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(സി) വിലങ്ങാടിൽ നിർമ്മിച്ച കെട്ടിടം വനം വകുപ്പിന്റെ പ്രവർത്തനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.